**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3311 — 14.03.2016-ൽ മറുപടിയ്ക്ക്

## സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.കെ. ബാബു**<br>**ശ്രീ.ഐ.ബി. സതീഷ്** | **ശ്രീമതി. കെ.കെ.ഷൈലജടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | വിവിധ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ എയിംസ് മാതൃകയിൽ വികസിപ്പിക്കാൻ ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ ഈ വകുപ്പിൽ നടപ്പാക്കുന്നുണ്ട്. |

| | |
|---|---|
| 1 | മെഡിക്കൽ കോളേജുകളുടെ വികസനം |
| 2 | പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കൽ |
| 3 | മെഡിക്കൽ കോളേജുകളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപണിയും. |
| 4 | ഓങ്കോളജി & ടെർഷ്യറി കെയർ |
| 5 | രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ |
| 6 | ഡ്രഗ് സ്റ്റോറുകളുടെ സ്ഥാപനവും ആധുനീക വല്ക്കരണവും |
| 7 | 50%കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം. |
| 8 | സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ്. |
| 9 | മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാതൃ ശിശു ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ നിലവാരമുയർത്തൽ |
| 10 | മെഡിക്കൽ കോളേജിലെയും മറ്റ് ആശുപത്രികളിലെയും ഖര മാലിന്യ നിർമാർജ്ജനം. |

| | | | |
|---|---|---|---|
| | | | 11 ഇ -ഹെൽത്ത് പ്രോഗ്രാം (DME)<br>12 ഫാക്കൽറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം<br>13 ഡിസീസിഡ് ഡോണർ മൾട്ടി ഓർഗൺ ട്രാൻസ് പ്ലന്റേഷൻ<br>14 എല്ലാ മെഡിക്കൽ കോളേജുകളിലും കോർട്ടേഴ്സ് ടു റസിഡൻസ്.<br>15 സ്റ്റേറ്റ് പീഡ് സെൽ<br>16 ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി.<br>17 മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ<br>18 മെഡിക്കൽ കോളേജിനു കീഴിലുള്ള 4 ഫാർമസി കോളേജുകളിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ വരുത്തൽ<br>19 മെഡിക്കൽ കോളേജുകളിൽ ബയോമെഡിക്കൽ വിഭാഗം ആരംഭിക്കൽ<br>20 മൾട്ടി ഡിസിപ്ളിനറി റിസർച്ച് ലാബ് ആരംഭിക്കലും അനിമൽ ഹൗസിന്റെ നിലവാരം ഉയർത്തലും<br>21 ഡെന്റൽ കോളേജിൽ കമ്മ്യൂണിറ്റി ഡെന്റിസ്ട്രിയും ഡെന്റൽ പബ്ളിക് ഹെൽത്ത് ലാബും സ്ഥാപിക്കൽ<br>22 പാരാമെഡിക്കൽ വിഭാഗം ശക്തിപ്പെടുത്തൽ |
| (ബി) | ആധുനിക ഉപകരണങ്ങളും മികച്ച പശ്ചാത്തല സൗകര്യവുമൊരുക്കി ഇവയെ ലോകോത്തര നിലവാരത്തിലേക്കുയർത്താനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | മെഡിക്കൽ കോളേജുകളിൽ എല്ലാവിധ സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും പ്രവർത്തന സജ്ജമായി വരുന്നു. കൂടാതെ എം.ആർ.ഐ സ്കാൻ, സി.ടി. സ്കാൻ, കാത്ത് ലാബ്, വെന്റിലേറ്റർ, സെൻട്രലൈസ്ഡ് ഓക്സിജൻ സിസ്റ്റം, ടെലി കൊബാൾട്ട് മെഷീൻ, അൾട്രാ സൗണ്ട് മെഷീൻ, മാമോഗ്രാഫി മെഷീൻ, ആർത്രോസ്കോപ്പും അനുബന്ധ ഉപകരണങ്ങളും, ഇ.എൻ.ടി. എച്ച്.ഡി സെറ്റ്, കംപ്യൂട്ടർ റേഡിയോഗ്രാഫി എന്നീ ആധുനിക ഉപകരണങ്ങളും ട്രോമ കെയർ സംവിധാനങ്ങളും ഏർപ്പെടുത്തിവരുന്നു. |

| | | | |
|---|---|---|---|
| (സി) | മെഡിക്കൽ കോളേജ് ആശുപത്രികളിലെ തിരക്ക് കണക്കിലെടുത്ത് രോഗി ഡോക്ടർ ബന്ധം മെച്ചപ്പെടുത്താനും ദീർഘമായ കാത്തിരിപ്പ് സമയം കുറയ്ക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ? | (സി) | ഇക്കാര്യത്തിനായി ജീവൻ രേഖ (ഇ-ഹെൽത്ത്) പദ്ധതിയും ആർദ്രം പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. രോഗികളുടെ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുവാനും അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുമാണ് ജീവൻ രേഖ (ഇ-ഹെൽത്ത്) പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി സംസ്ഥാനവിഹിതത്തിൽ നിന്നും 4.72 കോടി രൂപ ഇ-ഹെൽത്ത് പ്രൊജക്റ്റ് മാനേജ്മെന്റ് ഗ്രൂപ്പിന് നൽകിയിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജുകളിലെ ഒ.പി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ആയതിനായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകി തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ദീർഘമായ കാത്തിരിപ്പ് സമയം കുറയ്ക്കുന്നതിനും ഡോക്ടറുമായുള്ള കൂടിക്കാഴ്ച മുൻകൂട്ടി ബുക്കുചെയ്യുന്നതിനും ഇലക്ട്രോണിക് ടോക്കൺ സമ്പ്രദായം നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ ഇത് തിരുവനന്തപുരം എസ്.എ.ടി -യിൽ ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ